# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1444 — 13.07.2016 ൽ മറുപടിയ്ക്ക്

### ആയുർവേദ ആശുപത്രികളിൽ സ്പെഷ്യാലിറ്റി തസ്തികകൾ അനുവദിക്കാൻ നടപടി

| ചോദ്യം<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഐ.എസ്.എം. വിഭാഗത്തിൽ സ്പെഷ്യലിസ്റ്റുകളെ നിയമിക്കുന്നതാണെന്ന് പ്രകടനപത്രികയിൽ വാഗ്ദാനം ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എല്ലാ ജില്ലകളിലും താലൂക്കുകളിലും ആയുർവേദ ആശുപത്രികൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) | ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല |
| (സി) | സ്പെഷ്യാലിറ്റി തസ്തികകളിൽ പ്രധാനപ്പെട്ട വിഭാഗമായ മർമ്മ ആയുർവേദ ഡോക്ടർ തസ്തിക ഇതുവരെ അനുവദിച്ചിട്ടില്ലാത്ത എല്ലാ ആയുർവ്വേദ ആശുപത്രികളിൽ തസ്തികകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ഇത് സംബന്ധിച്ച് ശുപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |
| (ഡി) | മർമ്മ ചികിത്സ വിഭാഗത്തിൽപ്പെട്ട രോഗികളുടെ എണ്ണം താരതമ്യേന അധികമാണെങ്കിലും ഈ വിഭാഗത്തിൽപ്പെട്ട ഡോക്ടർമാരുടെ എണ്ണം കുറവുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) | കേരളത്തിൽ 20 ബെഡ്ഡിൽ കൂടുതൽ കിടത്തി ചികിത്സാ സൗകര്യമുള്ള താലൂക്ക് ആയുർവ്വേദ ആശുപത്രികളിൽ മേന്മയേറിയ ചികിത്സാ സൗകര്യം രോഗികൾക്ക് ലഭിക്കുന്നതിന് ഡോക്ടർമാരുടെ സ്പെഷ്യാലിറ്റി തസ്തികകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | പരിഗണിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ